പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3033 | 21-08-2017-ലെ മറുപടിയ്ക്ക്

## കർഷകർക്ക് സബ്സിഡിയായി വിതരണം ചെയ്യുന്ന യൂറിയ

ചോദ്യം | മറുപടി

**ശ്രീ.പാറക്കൽ അബ്ദുല്ല**

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) കർഷകർക്ക് സബ്സിഡിയോടെ വിതരണം ചെയ്യുന്ന യൂറിയ ഇടനിലക്കാർ പ്ലൈവുഡ് കമ്പനികൾക്ക് മറിച്ചു വിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) ഏങ്കിൽ ഇതു സംബന്ധമായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പരിശോധിച്ചു. എറണാകുളം ജില്ലയിലെ അശമന്നൂർ പഞ്ചായത്തിലെ ഉദയ കവലയിൽ മേതല റൂട്ടിൽ സ്ഥിതി ചെയ്യുന്ന 'കിംഗ് പ്ലൈവുഡ്' എന്ന സ്ഥാപനത്തിൽ നിന്നും കാർഷികാവശ്യത്തിനുള്ള യൂറിയ മദ്രാസ് ഫെർട്ടിലൈസേഴ്സ് കമ്പനിയുടെ വിജയ് യൂറിയ 50 കിലോ ഗ്രാമിന്റെ 870 ചാക്കുകളും MCFL കമ്പനിയുടെ രണ്ട് ചാക്കുകളും കുറുപ്പംപടി പോലീസ് സബ് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ കൃഷി ഓഫീസർ പിടിച്ചെടുക്കുകയും ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം സാമ്പിളുകൾ എടുക്കുകയും പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു. പിടിച്ചെടുത്ത യൂറിയ സൂക്ഷിച്ചിരുന്ന മുറി പൂട്ടി സീൽ ചെയ്ത് താക്കോൽ കുറുപ്പംപടി സബ് ഇൻസ്പെക്ടർക്ക് കൈമാറുകയും ഇതു സംബന്ധിച്ച് നിയമാനുസൃതം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറെ ഈ വിവരം അറിയിക്കുകയും ചെയ്തു.

(സി) പ്ലൈവുഡ് കമ്പനികൾ ഈ യൂറിയ പശ നിർമ്മാണത്തിന് ഉപയോഗിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) കൃഷിക്കായി കിട്ടുന്ന യൂറിയ പ്ലൈവുഡ് കമ്പനികൾക്ക് മറിച്ചു വിൽക്കുമ്പോൾ പതിൻമടങ്ങു ലാഭമാണ് കിട്ടുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനകം എത്ര പരാതികൾ ലഭിച്ചു;

(ഡി) പരിശോധിച്ചു. സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് ഒരു പരാതിയാണ് ലഭിച്ചത്. എന്നാൽ പരാതിയുടെ മാത്രം അടിസ്ഥാനത്തിലല്ലാതെ ഇത്തരം ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുവാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പരിശോധനകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) യൂറിയ വിതരണം സുതാര്യമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

(ഇ) കേന്ദ്ര സർക്കാരിന്റെ പുതിയ DBT (Direct Benefit Transfer) പദ്ധതി പ്രകാരം രാസവളം വിൽക്കുന്നത് നിർബന്ധമായും POS മെഷീൻ വഴി കൃഷിക്കാരുടെ ആധാർ നമ്പർ / തിരിച്ചറിയൽ കാർഡ് നമ്പർ, വിരലടയാളം എന്നിവ ശേഖരിച്ച ശേഷം മാത്രമേ പാടുള്ളൂ എന്ന രീതി 2017 സെപ്തംബർ ഒന്നു മുതൽ നിർബന്ധമാക്കിയിരിക്കുകയാണ്. അതിനുള്ള മെഷീൻ വിതരണവും പരിശീലനവും നടന്നു വരികയാണ്. കൂടാതെ രാസവള ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ വളം ഡിപ്പോകളിലെ സ്റ്റോക്ക്, വിൽപ്പന എന്നിവയും പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**